# പടവുകൾ

## അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

പുത്തേട്ട് ഗവ. യു.പി സ്കൂൾ

നട്ടാശ്ശേരി.

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഉന്നനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചക്ക് സഹായകരമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ട് പോകാനും എല്ലാ കുട്ടികളെയും ഉന്നത നിലവാരത്തിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

വിദ്യാർത്ഥികളെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് വേണ്ടി ഏത് പദ്ധതികളെയും ഏറെ താൽപര്യത്തോടെ ഏറ്റെടുക്കുന്ന പുന്നോട് ഗവ.യുപി സ്കൂൾ. നാട്ടുകാർ - പിടിഎ, എംപിടിഎ. അധ്യാപക സമൂഹം. രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന പ്രത്യാശയോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സ്കൂളിന്റെ സമഗ്ര പുരോഗതിക്കുമായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

Head Mistress : Jancy P John.
PTA President : K.N Sreekumar.
MPTA President : Rakhi B Nair.

# ചരിത്രം

കോട്ടയം ജില്ലയിലെ കോട്ടയം വിദ്യാഭ്യാസ ജില്ലയിൽ കോട്ടയം പടിഞ്ഞാറ് ഉപജില്ലയിലെ നട്ടാശ്ശേരി എന്ന ഗ്രാമത്തിൽ 1901-ൽ സ്ഥാപിതമായ ഒരു സർക്കാർ വിദ്യാലയമാണ് പുത്തേട്ട് ഗവ. യു.പി സ്കൂൾ. ഈ സമൂഹത്തിന്റെ ഉന്നത രംഗത്ത് മികവ് തെളിയിച്ച പല വ്യക്തികളും ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളായിട്ടുണ്ട്. വർഷങ്ങൾ പിന്നിടുമ്പോൾ നട്ടാശ്ശേരി എന്ന ഗ്രാമത്തിലെ പതിനായിരക്കണക്കിന് ആളുകൾക്ക് ജീവിത വെളിച്ചം പകർന്ന് ഇന്നും അഭിമാനത്തോടെ നിലകൊള്ളുകയാണ് പുത്തേട്ട് ഗവ. യു.പി സ്കൂൾ. പ്രീ-പ്രൈമറി മുതൽ 7-10 ക്ലാസ് വരെ 91 വിദ്യാർത്ഥികൾ പഠിക്കുന്നു.

# കാഴ്ചപ്പാട്

- പാഠ്യ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നു.
- ധാർമിക മൂല്യങ്ങൾ, ശുചിത്വം, അനുകമ്പ, പങ്കുവെക്കൽ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താനുള്ള സാഹചര്യമൊരുക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നു.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാൻ പ്രാപ്തരാക്കുന്നു.

## ലക്ഷ്യങ്ങൾ.

- ഒന്ന് മുതൽ 7 വരെയുള്ള ഓരോ ക്ലാസിലും കുട്ടികളിൽ ഉയർന്ന നിലവാരമുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നു.
- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാൻ ആവശ്യമായ മൂല്യബോധം സൃഷ്ടിക്കുന്നു.
- മികച്ച മാനസിക വൈകാരിക ശാരീരിക ആരോഗ്യം നടപ്പാക്കുന്നു.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ -- എല്ലാം പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുന്നു.
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, അറബി, സംസ്കൃതം ഭാഷകൾ കൈവരിക്കാനും കൈകാര്യം ചെയ്യാനും, ഉയർന്ന ശേഷി ആവശ്യമായ രീതികൾ വികസിപ്പിക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ടീച്ചറിന്റെ സഹായം വിനിയോഗിക്കുന്നു.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.
- കാലാകാലങ്ങളിൽ ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പും നൽകി വരുന്ന അധ്യാപക ശാക്തീകരണ പരിപാടികളിൽ അധ്യാപകർ പങ്കെടുത്ത് കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നു.
- പഠനത്തോടൊപ്പം ഏതെങ്കിലും ഒരു തൊഴിലിൽ കുട്ടികളെ പരിശീലിപ്പിക്കുന്നു.
- 

## അക്കാദമിക നേട്ടങ്ങൾ.

- LSS, USS പരീക്ഷയിൽ മെച്ചപ്പെട്ട നേട്ടം.
- കലാ കായിക ഗണിത ശാസ്ത്ര മേളകളിലുള്ള മികച്ച നേട്ടം.
- ദേശീയ സമ്പാദ്യ പദ്ധതിയുമായി ചേർന്ന് കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നു.
- പത്രവായനയും മലയാളം വിഭാഗത്തിൽ നിത്യവും നടത്തി വരുന്നു.
- സജീവമായ ക്ലാസ് PTA കൾ.
- കുറ്റമറ്റ വിലയിരുത്തൽ പ്രക്രിയ.

## പരിമിതികൾ.

- ആവശ്യത്തിന് ഉപകരണങ്ങൾ ഉണ്ടെങ്കിലും ശാസ്ത്ര-ഗണിത ലാബുകൾ സജ്ജീകരിക്കാൻ പ്രത്യേകം മുറിയുടെ അഭാവം.
- വിപുലമായ പുസ്തകശേഖരം ഉണ്ടെങ്കിലും ലൈബ്രറി സജ്ജീകരിക്കാനുള്ള ക്ലാസ്റൂമിന്റേയും ഷെൽഫുകളുടേയും കുറവ്.
- ICT പഠനത്തിന് കമ്പ്യൂട്ടർ ലാബിന്റെ അപര്യാപ്തത.
- ഡിജിറ്റലൈസ്ഡ് ക്ലാസ്റൂമിന്റെ അപര്യാപ്തത.

# ആമുഖം

ഒരു വർഷത്തിലെ അക്കാദമിക കാലയളവിൽ വിദ്യാലയത്തിലെ ഓരോ കുട്ടിയും നേടേണ്ട ധാരണകളും ശേഷികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി സമൂഹത്തിനും, നാടിനും രാഷ്ട്രത്തിന് തന്നെയും പ്രയോജനപ്രദമായി ജീവിക്കുന്നതിന് പര്യാപ്തമാക്കുകയും ചെയ്യുന്നതിലൂടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കുക

## കാഴ്ചപ്പാട്

* കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവും കാർഷികവും സമ്പന്നവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സാമൂഹ്യസൃഷ്ടിക്കുതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കുക.
* കുട്ടികളുടെ സർഗ്ഗക്രിയാ ശേഷികളെ പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.
* വിദ്യാലയത്തിന്റെ പുരോഗതിക്കായി ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
* പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.

* വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

## ലക്ഷ്യങ്ങൾ

* 1 മുതൽ 4 വരെയുള്ള ഓരോ കുട്ടിയും നേടേണ്ട ശേഷികൾ, ധാരണകൾ, നൈപുണികൾ എന്നിവ കുട്ടിയുടെ കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.
* 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്ന് പാഠ്യപദ്ധതിയിൽ നിജപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
* മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷയിലും ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
* എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുക.

* ICT അധിഷ്ഠിത ഭൗതികസാഹചര്യങ്ങളും അക്കാദമിക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുക.
* പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതികസാഹചര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
* പിന്നോക്കക്കാരെ തുടക്കത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ സഹായം നൽകുക.
* ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
* കലാ കായിക പ്രവൃത്തി പരിചയമികവ് ഉറപ്പുവരുത്തുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
* സമഗ്ര പഠപ്പുരോഗതി രേഖപ്പെടുത്താനായി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക.
* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക.
* പ്രാദേശിക വിഭവങ്ങളും സ്കൂൾ തലത്തിലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളേയും അക്കാദമികവും ഭൗതികവുമായ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുക.

# മലയാളം

| പ്രശ്നം | പ്രവർത്തനരീതി | കാലയളവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, അക്ഷര കാർഡ് നൽകൽ, വാക്ക്, വാക്യങ്ങൾ നിർമ്മാണം<br>ചിത്രം നോക്കി അടിക്കുറിപ്പ്, കഥ എഴുതൽ, കഥ പൂർത്തിയാക്കൽ<br>ICT സാധ്യത ഉപയോഗിച്ച് വാക്കുകൾ, വാക്യങ്ങൾ എഴുതൽ, പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്<br>മലയാളത്തിളക്കം | 60 ദിവസം | അക്ഷര കാർഡുകൾ, പുസ്തകങ്ങൾ | PTA<br>BRC<br>Teachers |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | വായനമൂല<br>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ, പുസ്തകം സ്വീകരിക്കൽ, സ്കൂൾ ലൈബ്രറി | 8 മാസം | ക്ലാസ് ലൈബ്രറി<br>പത്രം<br>ഗ്രന്ഥശാല<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | PTA<br>ഗ്രന്ഥശാല<br>SSA<br>Teachers |

| | | | | |
|---|---|---|---|---|
| | ഗ്രന്ഥശാല അംഗത്വം, വായനാമത്സരം, പത്രവായന, വായനക്കുറിപ്പ് പതിപ്പ്, കഥ കവിത പതിപ്പ്, വ്യക്തിപഠനം, വിദ്യാരംഗം കലാസാഹിത്യവേദി, സ്കൂൾതല, ബാലതല ദിനാചരണങ്ങൾ, ഇ-വായന മോണിറ്ററിംഗ് | | | |
| 3. കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ട രൂപീകരണം, പുസ്തക ചർച്ച, ആസ്വാദനക്കുറിപ്പ്, വിവിധ സാഹിത്യരൂപങ്ങളെ പരിചയപ്പെടൽ, ചുവർ പത്രിക, പതിപ്പ് തയ്യാറാക്കൽ, സർഗസൃഷ്ടി പുസ്തകം തയ്യാറാക്കൽ, മോണിറ്ററിംഗ്, വ്യക്തിഗത രചന, ടാലന്റ് പ്രോജക്ട്, ഗ്യാലറി | | | |
| 4. Post Test | ഓരോ പ്രവർത്തനങ്ങൾക്കു ശേഷവും വിലയിരുത്തൽ നടത്തുന്നു. | | | |

## മലയാളം

### ഹ്രസ്വകാല പ്രവർത്തനം

* അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ
* വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കുക
* കഥ, കവിത വായന
* അടിക്കുറിപ്പ് എഴുതുക
* പത്രവായന

### മധ്യകാലം

* വായനക്കുള്ള ക്ലാസ്സ് ലൈബ്രറി പ്രയോജനപ്പെടുത്തൽ
* വായന മത്സരം
* പതിപ്പുകൾ തയ്യാറാക്കൽ
* ദിനാചരണങ്ങൾ

### ദീർഘകാലം

* പി.ടി.എ യുടെ സഹകരണത്തോടെ സ്കൂൾ ലൈബ്രറി വിപുലീകരണം
* കൈയ്യെഴുത്തു മാസിക

# പ്രവർത്തന വിശദീകരണം

പ്രീ-ടെസ്റ്റ് - പിന്നോക്കക്കാരെ കണ്ടെത്തൽ

അക്ഷരം ഉറപ്പിക്കൽ — ചിത്രത്തിലൂടെ ഉലയാളം അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.

കാർഡുകൾ - അക്ഷരങ്ങളിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിൽ നിന്ന് വാക്യങ്ങൾ രൂപീകരിക്കൽ

അടിക്കുറിപ്പ് — ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ. ടീച്ചറിന്റെ സഹായത്തോടെ എഴുതൽ

കഥ പറയൽ - കഥയുടെ ബാക്കി പറയൽ, എഴുതുന്നു.

കഥാപുസ്തകം നൽകൽ — വായന, വായനാക്കുറിപ്പ് എഴുതൽ

വീഡിയോപ്രദർശനം — ചിത്രങ്ങൾ കാണിക്കുന്നു. ചർച്ച എഴുതുന്നു.

ഭിന്നശേഷിക്കാരെ പരിഗണിക്കൽ — IED റിസോഴ്സ് ടീച്ചറിന്റെ സേവനം

ക്ലാസ് ലൈബ്രറി രൂപീകരണം - കുട്ടികളുടെ സഹായത്തോടെ ലൈബ്രറി രൂപീകരിക്കൽ

# പരിസരപഠനം

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

* പരിസര നിരീക്ഷണം
* ലോക്കൽ ടെക്സ്റ്റ് തയ്യാറാക്കൽ
* ക്വിസുകൾ, ക്ലാസുകൾ സംഘടിപ്പിക്കൽ
* ഫീൽഡ് ട്രിപ്പുകൾ

## മധ്യകാല പ്രവർത്തനങ്ങൾ

* ശാസ്ത്രമൂല തയ്യാറാക്കൽ
* ദിനാചരണങ്ങൾ
* പഠനോപകരണ നിർമ്മാണവും പ്രദർശനവും
* പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കൽ

## ദീർഘകാല പ്രവർത്തനങ്ങൾ

* ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ
* ശാസ്ത്രലാബ് നവീകരിക്കൽ
* ജൈവവൈവിധ്യ പാർക്ക്
* ഔഷധത്തോട്ടം.

## പരിസരപഠനം

| പ്രശ്നം | പ്രവർത്തനങ്ങൾ | കാലയളവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല. | • Pre-test ലൂടെ കുട്ടികളുടെ നിലവാരം കണ്ടെത്തൽ<br>• ഓരോ ക്ലാസിലെയും അടിസ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുന്ന ലോക്കൽ ടെക്സ്റ്റുകൾ നിർമ്മിക്കുക.<br>• പാഠപുസ്തകത്തെ വിഭിന്ന രീതിയിൽ ആസൂത്രണം ചെയ്യുക.<br>• ക്ലാസ് മുറി സ്വയം പഠനം, സംഘപഠനം ICT എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക.<br>• ദിനാചരണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തുക. | 8 മാസം. | വർക്ക്ഷീറ്റ് | ടീച്ചേഴ്സ് |
| പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം. | ക്യാമ്പുകൾ, വിദഗ്ദരുടെ ക്ലാസ്സുകൾ എന്നിവ നടത്തുക.<br>ജൈവവൈവിധ്യപാർക്ക്, ഔഷധത്തോട്ടം എന്നിവയുടെ നിർമ്മാണവും പരിപാലനവും. | ജൂൺ മുതൽ മാർച്ച് വരെ | കാർഷികോപകരണങ്ങൾ ഔഷധസസ്യങ്ങൾ പച്ചക്കറി തൈകൾ. | PTA ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല. | ശാസ്ത്ര പരീക്ഷണത്തിനുള്ള ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും, ചെയ്യുന്നതിനുമുള്ള ലാബ് സജ്ജീകരണം. പഠനോപകരണങ്ങൾ നിർമ്മാണവും പ്രദർശനവും. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>ICT ഉപയോഗിച്ച് പരീക്ഷണങ്ങൾ മനസ്സിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ലാബ് ഉപകരണങ്ങൾ ശാസ്ത്രപുസ്തകങ്ങൾ ICT | ടീച്ചേഴ്സ്<br>PTA<br>SSA |
| ശാസ്ത്രമൂല | പഠനോപകരണ പ്രദർശനം, കുട്ടികളുടെ ശേഖരങ്ങൾ, വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, പ്രദർശനം. ശാസ്ത്രപുസ്തകങ്ങൾ എന്നിവയ്ക്കായി ഓരോ ക്ലാസിലും ശാസ്ത്രമൂല ഒരുക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രപുസ്തകങ്ങൾ വർക്ക് ഷീറ്റുകൾ ചിത്രങ്ങൾ. | ടീച്ചേഴ്സ്. |
| ശാസ്ത്രക്ലബ് | ശാസ്ത്രക്ലബിന്റെ നേതൃത്വത്തിൽ ക്വിസുകൾ, ബോധവത്കരണ ക്ലാസുകൾ ആരോഗ്യ-ശുചിത്വ പ്രവർത്തനങ്ങൾ, ക്വിസ് മത്സരങ്ങൾ, ശാസ്ത്രജ്ഞരിൽ പതിപ്പുകൾ തുടങ്ങിയവ നടത്തുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട പ്രോജക്ട്, സർവേ തുടങ്ങിയവയ്ക്കുള്ള സഹായം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പോസ്റ്ററുകൾ, നോട്ടീസ്, ക്വിസ് ചോദ്യങ്ങൾ. റഫറൻസ് പുസ്തകങ്ങൾ | ടീച്ചേഴ്സ്<br>PTA |
| Post test | ഓരോ പ്രവർത്തനങ്ങൾക്കു ശേഷവും വിലയിരുത്തൽ നടത്തുന്നു. | [illegible] | വർക്ക്ഷീറ്റുകൾ | ടീച്ചേഴ്സ്. |

# ഗണിതം

**ഗണിതം**

- **ഹ്രസ്വകാല പ്രവർത്തനങ്ങൾ**
  - ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
  - ജ്യാമിതീയ രൂപങ്ങൾ
  - സംഖ്യാബോധം, സ്ഥാനവില ഉറപ്പിക്കൽ
- **മധ്യകാല പ്രവർത്തനങ്ങൾ**
  - ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ പ്രദർശനം
  - അളവ് - തൂക്ക ഉപകരണങ്ങൾ നിർമ്മിക്കൽ
  - ക്ലോക്ക് നിർമ്മാണം
  - ഗണിത ക്ലബ്
  - ഗണിത മേള തയ്യാറാക്കൽ
- **ദീർഘകാല പ്രവർത്തനങ്ങൾ**
  - ഗണിത മാഗസിൻ തയ്യാറാക്കൽ
  - ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ
  - ഗണിത ലാബ് നവീകരിക്കൽ

| | | | |
|---|---|---|---|
| | സംഖ്യാബോധം, ചതുഷ്ക്രിയകൾ, അളവുതൂക്കങ്ങൾ സമയം എന്നിങ്ങനെ പഠനനേട്ടങ്ങൾ വർഗ്ഗീകരണത്തിൽ ഉൾപ്പെടുത്തി TLM സഹായത്തോടെയും പരിഹാരബോധനം | അളവുതൂക്കങ്ങൾ | |
| സംഖ്യാബോധം സ്ഥാനവില | സംഖ്യാബോധം എല്ലാ കുട്ടികൾക്കും നേടുന്നതിനായി പഠനപിന്നോക്കക്കാർക്ക് എണ്ണുന്നതിനും കൂട്ടങ്ങളാക്കുന്നതിനും തരംതിരിക്കുന്നതിനും ഉതകുന്ന പഠനസാമഗ്രികൾ ലഭ്യമാക്കുക. ICT അധിഷ്ഠിത പ്രവർത്തനങ്ങൾ വർക്ക് ഷീറ്റുകൾ | സംഖ്യകാർഡ് ICT | |
| ചതുഷ്ക്രിയകൾ | നിത്യജീവിതത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി ചതുഷ്ക്രിയകൾ അവതരിപ്പിക്കുന്നു. പട്ടികകൾ രൂപീകരിക്കുന്നതിനും ഹൃദിസ്ഥമാക്കുന്നതിനും ആവശ്യമായ ധാരാളം പ്രവർത്തനങ്ങളും കളികളും ഉൾപ്പെടുത്തുന്നു. ഗണിതകേളികൾ അടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് പരിശീലനം നൽകുന്നു. | | |

| | | | |
|---|---|---|---|
| ഗണിതക്ലബ് | ക്ലബ് പ്രവർത്തനങ്ങൾ വിപുലീകരിക്കുക. ഓരോ ക്ലാസ്സിനും ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക. ക്വിസ് മത്സരം സംഘടിപ്പിക്കുക. ഗണിതാസ്വാദനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഗണിത ചരിത്രവും ഗണിതശാസ്ത്രജ്ഞന്മാരെയും പരിചയപ്പെടുത്തുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക. നിർമ്മിക്കപ്പെടുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പ്രദർശനം സംഘടിപ്പിക്കുക മേളകളിൽ പങ്കെടുക്കുക. | | 8 മാസം |
| ഗണിത മാഗസിൻ | ഗണിത ക്ലബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസ്സിലെയും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഗണിത മാഗസിൻ നിർമ്മിക്കുന്നു | | 6 മാസം |
| ഗണിത മൂല | ഓരോ ക്ലാസ്സിലും ഗണിതമൂല സജ്ജമാക്കുന്നു. ഗണിതോപകരണങ്ങൾ, ഉത്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുകയും ഗണിതവുമായി ബന്ധപ്പെട്ട് നിർമ്മാണ പരീക്ഷണ പ്രവർത്തനങ്ങൾ ഗണിതമൂലയിൽ ചെയ്യുന്നു. | ·സംഖ്യാകാർഡ്<br>·ഗണിതോപകരണങ്ങൾ<br>ഗണിതകിറ്റ് | |

| | | | |
|---|---|---|---|
| | | | |
| ജ്യാമിതീയ രൂപങ്ങൾ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, വരയ്ക്കൽ, നിറം നൽകൽ, പാറ്റേണുകൾ രൂപീകരിക്കൽ, എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള ശില്പശാലകൾ, കുട്ടികളുടെ നിർമ്മാണങ്ങളുടെ പ്രദർശനം, ഒറിഗാമി, ടാൻഗ്രാം എന്നിവയ്ക്ക് ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കുകയും അവയുടെ ഫലപ്രദമായ ഉപയോഗവും<br>ഗണിതലാബ് ഉപയോഗം | | |
| അളവുകൾ തൂക്കങ്ങൾ<br>സമയം | അളവ് തൂക്ക ഉപകരണങ്ങളുടെ ഫലപ്രദമായ വിനിയോഗവും പ്രദർശനവും.<br>ഓരോ കുട്ടിക്കും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവസരം ലഭിക്കുന്നതിന് അധിക പ്രവർത്തനങ്ങൾ. ICT യുടെ പരമാവധി ഉപയോഗം<br>അളവ് തൂക്ക ഉപകരണങ്ങളുടെയും ക്ലോക്കിന്റെയും നിർമ്മാണവും പ്രദർശനവും | | |

# L.P ENGLISH.

1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk .... | മൂന്ന് മാസത്തിൽ ഒന്ന് | SRG. | |
| | പ്രതിഭാധനരുമായി സംവദിക്കൽ | | Class teacher | SSA |
| | English ബാലസഭ | മാസത്തിൽ ഒന്ന് | SMC | |
| | ഇംഗ്ലീഷ് അസംബ്ലി<br>One day English. | ആഴ്ചയിൽ ഒന്ന് | | |
| വായന- ആശയ- മറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ- മാർച്ച് | | |
| | വായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | | |
| | വായനാക്കുറിപ്പുകൾ | 3 മാസത്തിൽ ഒന്ന് | | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ-മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |
| സർഗ്ഗാത്മകതാ രചനാശേഷി വികസനം | ഇംഗ്ലീഷ് മാഗസിൻ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class teacher<br>SMC | SMC |
| സർഗ്ഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, drama, conversation, story telling) | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | SMC |

അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി.

ആമുഖം.

ഐക്യരാഷ്ട്ര സഭയുടെ ആറ് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് അറബി. നമ്മുടെ വിദ്യാലയങ്ങളിൽ മറ്റ് വിഷയങ്ങൾക്കൊപ്പം തന്നെ അറബി ഭാഷാ പഠനവും നടക്കുന്നു. അറബി ഭാഷാ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം അനുഭവിക്കുന്ന മേഖല ഉച്ചാരണവും അക്ഷരത്തിന്റെ രൂപ വിന്യാസത്തിൽ വരുന്ന മാറ്റങ്ങളും ആണ്. ഇത്തരം പ്രശ്നങ്ങൾ കണക്കിലെടുത്ത് അറബി ഭാഷാ പഠനത്തിൽ നേരിടുന്ന പ്രതിസന്ധികൾ ഏറെ കുറെ തരണം ചെയ്യാനുതകുന്ന തരത്തിൽ വിദ്യാർത്ഥികളുടെ വൈജ്ഞാനികവും സർഗാത്മകവുമായ പുരോഗതിക്ക് ഊന്നൽ നൽകുന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

Lp Arabic

# Acadamic Master Plan - Arabic (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബി ഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഉച്ചാരണം കൃത്യമായി മനസ്സിലാക്കി വായിക്കുക. | ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസപ്പെടുന്ന വിദ്യാർത്ഥികൾക്ക് അക്ഷരകാർഡ് കൊടുക്കുകയും അതോടൊപ്പം അക്ഷരങ്ങൾ പ്രിന്റ് ചെയ്ത പേപ്പർ നിറം നൽകാൻ കൊടുക്കുന്നു. | 2 മാസം | അറബി അധ്യാപിക. |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക പഠനത്തെ അധികരിപ്പിക്കുക. | പാഠപുസ്തകത്തിലൂടെ പുതിയ പദങ്ങൾ കുട്ടികൾ അറിഞ്ഞ് മനസ്സിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | അറബി അധ്യാപിക. |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ചെറുകവിതകൾ പൂർത്തിയാക്കുക. പദപ്രശ്നം എന്നിവ ചെയ്യിപ്പിക്കുക. | ജൂൺമുതൽ മാർച്ച് വരെ | അറബി അധ്യാപിക. |
| വായനയിൽ താൽപര്യം വർദ്ധിപ്പിക്കാൻ - ഭാഷാ ശേഷി വർദ്ധിപ്പിക്കാൻ. | ക്ലാസ് തലത്തിൽ വായനാ മത്സരവും കയ്യെഴുത്ത് മത്സരവും നടത്തി വിദ്യാർത്ഥികളുടെ വായനാ ശേഷി വർദ്ധിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ. | അറബി അധ്യാപിക. |
| കരിക്കുലം ലക്ഷ്യം വെക്കുന്ന പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക. | ഓരോ കുട്ടികളുടെയും നിലവാരം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നല്കുന്നു. | 10 മാസം | ✓ |

## യു.പി. മലയാളം

എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചുള്ള നിലവാരം അനുസരിച്ചും മാതൃഭാഷ അനായാസേന കൈകാര്യം ചെയ്യേണ്ടതുണ്ട്. ഓരോ കുട്ടിയും തന്റെ അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. വായനയുടെ വിശാല ലോകത്തേക്ക് അവരെ കൈപിടിച്ച് നടത്താൻ കഴിയണം. പൊതുവേദിയിൽ ആത്മവിശ്വാസത്തോടെ സംവേദനം നടത്താൻ കുട്ടിക്ക് കഴിയണം. രക്ഷിതാക്കൾക്കുള്ള വായനാപരിപോഷണ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം പദസമ്പത്ത് വർദ്ധിപ്പിക്കൽ | എന്റെ അവധിക്കാലം : കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി - കവിതകളുടെ വരികൾ ചൊല്ലിച്ച് ഭാഷാശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | " | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്. അക്ഷരക്കാർഡുകളും പദകാർഡുകളും ഉപയോഗിച്ച് വാക്യനിർമ്മാണം. | ജൂൺ മാസം | " | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കുന്നു (വായനാശീലം) | • ക്ലാസ് വായനക്കൂട്ടം - രൂപീകരണം.<br>• വായനമൂല - ക്ലാസ് ലൈബ്രറി.<br>• പത്രവായന<br>• വായനാക്കുറിപ്പ് - പതിപ്പ് | 3 മാസം<br><br>ദിവസവും | " | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 4. മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നേടി സർഗ്ഗശേഷി വളർത്തൽ | • മുഴുവൻ കുട്ടികൾക്കും മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം<br>• ക്ലാസുകൾ ഇടവേളയിൽ പ്രത്യേകം | 2 വർഷം<br>വർഷാവസാനം. | മലയാളം IT അധ്യാപകർ<br>മലയാളം അധ്യാപകർ | ഫണ്ട്<br>„ |
| 5. പഠിതാക്കളുടെ ഭാവനകളെ പരിപോഷിപ്പിക്കുക. | സംഘടിപ്പിക്കൽ.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ചെറു നാടകം, പൊൻകാഴ്ച തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ നടത്തുന്നു. | 1 വർഷം മുഴുവൻ | മലയാളം അധ്യാപകർ | „ |
| 6. പഠനപിന്നോക്കക്കാരെ പരിഗണിക്കുക. | • വായന, മലയാളത്തിളക്കം പോലുള്ള പ്രവർത്തനങ്ങൾ. | 8 മാസം | മലയാളം അധ്യാപകർ | BRC. |
| 7. CWSN കുട്ടികളെ മറ്റു കുട്ടികളോടൊപ്പം പഠിക്കാൻ അവസരം നൽകുന്നു. | • CWSN കുട്ടികൾക്ക് അവരുടെ പോരായ്മകൾക്ക് അനുസരിച്ച് അവസരം നൽകുന്നു.<br>• ഇത്തരം കുട്ടികളെ സഹായിക്കാൻ മറ്റ് കുട്ടികൾക്ക് ചുമതല നൽകുന്നു | വർഷം മുഴുവൻ<br>„ | H.M.<br>മലയാളം അധ്യാപകർ | PTA. |

അക്കാദമിക് മാസ്റ്റർ പ്ലാൻ

യു പി

സംസ്കൃതം

---

സംസ്കൃതത്തിന്റെ ആനന്ദദായകവും വിശാലമായതുമായ ലോകത്തേക്ക് പ്രവേശിക്കുന്ന കുട്ടികൾക്ക് മാർഗദർശനം നൽകുക എന്നുള്ളതാണ് സംസ്കൃത അധ്യയനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

വിദ്യാർത്ഥികളിൽ സ്വഭാവവും. വ്യക്തിത്വ വികസനവും വളർത്തുന്നതിൽ സംസ്കൃതത്തിന്റെ പ്രാധാന്യം വളരെ വലുതാണ്.

പാഠ്യപദ്ധതിയിൽ സംസ്കൃത വിദ്യാഭ്യാസം സംയോജിപ്പിക്കുന്നതിലൂടെ, വിദ്യാർത്ഥികളുടെ വൈകാരിക വളർച്ച. സ്വയം അവബോധം, ശ്രദ്ധ, ധാർമ്മികത. ആശയവിനിമയം, വിമർശനാത്മക ചിന്ത, സഹിഷ്ണുത, സാമൂഹിക ഐക്യം എന്നിവ വർധിപ്പിക്കുവാൻ സാധിക്കുന്നു.

# UP Sanskrit Master Plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ കുട്ടികളെയും ഭാഷാപഠനത്തിൽ തൽപരരാക്കുന്നു<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | കുട്ടികളുടെ പഠന വികാസങ്ങളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠനരീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതം അധ്യാപിക | |
| • വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതം അധ്യാപിക | |
| • സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതം അധ്യാപിക | |
| • ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ | പ്രശ്നോത്തരി, കഥ, കവിത, ഉപന്യാസം എന്നിവയ്ക്കുള്ള പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതം അധ്യാപിക | |

# UP Malayalam Master Plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | • കഥ, കവിത, കുറിപ്പ് മുതലായ പ്രവർത്തനങ്ങളിലൂടെ അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അദ്ധ്യാപിക | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | • പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും, പ്രതികരണശേഷി ഉയർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അദ്ധ്യാപിക | |
| 3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രരചന, കവിതാരചന മുതലായവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അദ്ധ്യാപിക | |

UP बोर्ड

[illegible]

समय की जरूरत के अनुकूल समाज के गुणात्मक परिवर्तन को लक्ष्य में रखकर यह आकदमिक मास्टर प्लान तैयार किया है। इसमें बच्चों को भाषाई विकास को प्रमुखता दी गई है। पाँचवी, छठी और सातवीं कक्षा बच्चों की स्तरानुकूल गतिविधियाँ इसमें दी गई है। यह हिंदी भाषा को एक जीवंत माध्यम के रूप में सीखने अवसर प्रदान करता है।

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| CWSN, Slow learners കുട്ടികൾക്ക് പ്രത്യേക പസിലുകൾ, ICT മുഖാന്തിരം പലവർണ്ണങ്ങളിൽ അക്ഷരങ്ങൾ [illegible] അക്ഷരമാല അവതരിപ്പിക്കൽ. | കളർചാർട്ട്, പസിലുകൾ നൽകൽ. | ആഴ്ചയിൽ ഒരു ദിവസം. | ഹിന്ദി അധ്യാപിക<br>Spl. Teacher |
| | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ആത്മകഥകൾ, കഥകൾ കവിതകൾ എന്നിവ വായിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി അധ്യാപിക. |
| | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണങ്ങൾ | " |
| | പത്രിക തയ്യാറാക്കുക. | ജനുവരി | " |
| ~~പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ~~ | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. | പ്രതിദിനം | " |
| | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം. ഹിന്ദി documentary, സിനിമ എന്നിവ കാണാനുള്ള അവസരം. News കേൾക്കാനുള്ള അവസരം | [illegible] ഫെബ്രുവരി | " |
| | കുട്ടികൾ മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് ICT ഉപയോഗിച്ച് ഭാഷയിൽ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനുമുള്ള പ്രവർത്തനങ്ങൾ | ഫെബ്രുവരി | " |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി എഴുതാനും വായിക്കാനും, സംസാരിക്കാനും ആശയവിനിമയം നടത്താനും ഉള്ള ശേഷി വർധിപ്പിക്കാൻ. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ Pre-test നടത്തുന്നു. | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപിക |
| | CWSN, Slow learners കുട്ടികൾക്ക് വേണ്ട പിന്തുണ ഉറപ്പാക്കൽ | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനപാക്കേജ് | ജൂലായ് ആദ്യവാരം | ഹിന്ദി അധ്യാപിക. |
| | | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | ഹിന്ദി അധ്യാപിക |

UP ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷ് ഭാഷ വഴങ്ങാനും, ഭാഷ ശ്രദ്ധിച്ച് പ്രതികരിക്കാനും അവസരം നൽകുന്നു. | Listen and answer : കുട്ടികൾക്ക് പരിചിതമായതും, അല്ലാത്തതുമായ ചെറുകഥകൾ ശ്രവിക്കാൻ അവസരം നൽകുന്നു. തുടർന്ന് ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകാൻ ആവശ്യപ്പെടുന്നു. | അക്കാദമിക വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | |
| | Follow Me if you can ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | അക്കാദമിക വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷാ വായനാ പരിശീലനം | English News paper, English short stories ഇവ വായിക്കാൻ അവസരം നൽകുന്നു. Reader of the month നെ തെരഞ്ഞെടുക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു പി

## അടിസ്ഥാനശാസ്ത്രം

ശാസ്ത്രം എന്നത് നമ്മുടെ ചുറ്റുപാടുകളെയും പ്രകൃതിയെയും മനസ്സിലാക്കാനും വിശദീകരിക്കാനും സഹായിക്കുന്ന ഒരു പഠന മേഖലയാണ് ശാസ്ത്രം. നിരീക്ഷണം, പരീക്ഷണം, നിർമ്മാണം, പഠനയാത്ര, സെമിനാർ, അഭിമുഖം, പ്രോജക്ട് തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ചോദ്യങ്ങൾക്ക് ഉത്തരം തേടാനും പ്രകൃതിയുടെ രഹസ്യങ്ങൾ കണ്ടെത്താനും അങ്ങനെ പഠിതാക്കളെ ശാസ്ത്രാന്വേഷകരാക്കാനും പ്രാപ്തരാക്കുക എന്നതാണ് യുപി ശാസ്ത്രപഠനത്തിന്റെ ലക്ഷ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവാലനം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | PTA |
| വിവിധ ആവാസവ്യവസ്ഥകൾ പരിചയപ്പെടൽ, വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെയും ജന്തുക്കളെയും കുറിച്ച് അറിവ് ലഭിക്കുന്നതിന് | ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം. കാവുകൾ സന്ദർശനം പുഴ-കാട്-വയൽ എന്നിവയെ അറിയാൻ യാത്രകൾ | ജൂൺ-ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | PTA |
| നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ നടത്തി ശാസ്ത്രപഠനം എളുപ്പമാക്കുന്നതിന്. | ശാസ്ത്രകിറ്റ് വിപുലീകരണം പരീക്ഷണ കിറ്റുകൾ നിർമ്മാണം പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തിയ ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കൽ | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | BRC |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് | വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂൺ-മാർച്ച് | ശാസ്ത്രാധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| വർധിപ്പിക്കുക | | | | |
| ശാസ്ത്ര ലോകത്തിന്റെ നേട്ടങ്ങളും കണ്ടെത്തലുകളും കുട്ടികളെ ബോധവാന്മാരാക്കുന്നതിന് | സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കൽ<br>ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | സെപ്തംബർ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | BRC |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ ശാസ്ത്രാവബോധത്തെ വർധിപ്പിക്കൽ | ശാസ്ത്ര മേഖലയിൽ ഉള്ളവരുമായി അഭിമുഖം നടത്തുക.<br>ശാസ്ത്ര പ്രോജക്ടുകൾ തയാറാക്കുന്നതിന് അവസരം നൽകുക | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്. | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു പി

## സാമൂഹ്യശാസ്ത്രം

സാമൂഹിക ജീവിതത്തിന്റെയും വിദ്യാഭ്യാസ വികാസത്തിന്റെയും നിലനില്പിനാധാരമായ പഠനശാഖയാണ് സാമൂഹ്യശാസ്ത്രം സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ തത്വങ്ങൾ, ചരിത്രാവബോധം, ജനാധിപത്യത്തിന്റെ അടിസ്ഥാന അറിവുകൾ. തുടങ്ങിയവ മനസ്സിലാക്കുന്നതിന് സഹായകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കാൻ | പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ചോദ്യാവലികൾ ഒരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും അതിനെതിരെ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കൂട്ടിച്ചേർത്ത് റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നിവിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ പ്രദർശിപ്പിക്കുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ സാമൂഹ്യ ശാസ്ത്ര ക്ലബ് | BRC |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റുക. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് വെർച്വൽ യാത്ര സംഘടിപ്പിക്കുക. ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക. അക്ഷര മ്യൂസിയ സന്ദർശനം. | ജൂൺ-മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ സാമൂഹ്യ ശാസ്ത്ര ക്ലബ് | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിൽ പഠിക്കേണ്ട നിരീക്ഷണം നിരീക്ഷണശേഷി വളർത്തുക | ആകാശക്കാഴ്ചകൾ കാണാൻ താല്പര്യം ഉണർത്തുന്ന പ്രവർത്തനങ്ങൾ സയൻസ് സിറ്റി സന്ദർശനം എന്നിവയിലൂടെ കാഴ്ച വയ്ക്കുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ് | PTA |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിലൂടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുപ്പ് ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA |

# യു.പി ഗണിതം

## ആമുഖം

ഒരു വിഷയം എന്നതിലുപരി നിത്യ ജീവിതത്തിൽ ഒഴിച്ചു കൂടാനാകാത്ത ഒരു ശാസ്ത്രശാഖയാണ് ഗണിതം എന്ന് കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. ഗണിത ചിന്തകളുടെയും ഗണന ചിന്തകളുടെയും പുതിയ സാധ്യതകൾ അനുഭവങ്ങൾ കൂടാതെ ആത്മവിശ്വാസത്തോടെ കളിച്ചും ചിന്തിച്ചും ചെയ്യുന്നതിലൂടെ ഗണിതശാസ്ത്രത്തിന്റെ രീതി ആസ്വദിച്ച് പഠിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കുക എന്നതാണ് യു.പി ഗണിതപഠനം ലക്ഷ്യം വയ്ക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **കളിക്കാം പഠിക്കാം**<br>കളി രീതിയിലൂടെ അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപിക | ഗണിത അധ്യാപിക |
| | **ഓർക്കാം എഴുതാം**<br>ഗുണനപ്പട്ടിക ഓർത്ത് എഴുതാൻ, ചുവർ ചിത്ര പട്ടിക സ്കൂൾ വരാന്തയിൽ ഒട്ടിക്കുന്നു. കുട്ടികൾ പഠിച്ച ഗുണന പട്ടികകൾ എഴുതി നോക്കാൻ ഇതിലൂടെ അവർക്ക് അവസരം നൽകുന്നു. | ജൂലൈ | ഗണിത അധ്യാപിക | ഗണിത അധ്യാപിക |
| | **ജ്യോമട്രി ബോക്സ്, ചതുരക്കോൽ ബ്ലോക്ക്**<br>പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ ചതുരക്കോലുകൾ ഉറപ്പിക്കാൻ ജ്യോമട്രി ബോക്സ് ചതുരക്കോൽ ബോക്സുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ ജൂലൈ | ഗണിത അധ്യാപിക, | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവ ലഭ്യത |
| --- | --- | --- | --- | --- |
| 8. സമകാലിക ഗണിതശാസ്ത്ര പഠനവും കാഴ്ചപ്പാ ശേഷികളുടെ വികാസവും | ഗണിതവും ക്രിക്കറ്റിംഗും<br>ക്രിക്കറ്റിന് സ്കോർബോർഡിന്റെ പ്രവർത്തനങ്ങളിൽ ഗണിതാശയങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ ഗണിതശാസ്ത്രത്തിന്റെ രസം കുട്ടികൾ ആസ്വദിക്കുന്നു. | അധ്യയന വർഷം ഉടനീളം | ഗണിത അധ്യാപിക | BRC Kottayam West |
| | ജ്യാമിതി ശിൽപ്പശാല<br>5, 6, 7 ക്ലാസ്സിലെ കുട്ടികൾ പഠിച്ചിട്ടുള്ള ജ്യാമിതി ആശയങ്ങളും രൂപങ്ങളും നിർമ്മിക്കുന്നതിനും അത് പ്രദർശിപ്പിക്കുന്നതിനുമായി ജ്യാമിതി ശിൽപ്പശാല സംഘടിപ്പിക്കുന്നു. | അധ്യയന വർഷത്തിൽ ഒരിക്കൽ | ഗണിത അധ്യാപിക | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു | ഐ.ടി സാധ്യതകളിലൂടെ ജിയോജിബ്ര, Angulus, Robocompass, Kbrush തുടങ്ങിയ ആപ്ലിക്കേഷനുകൾ പരിചയപ്പെടുത്തുകയും, ഗണിതപഠനം ഇതിലൂടെ സാധ്യമാക്കുകയും ചെയ്യുന്നു. | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപിക | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപികയും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഗണിത അധ്യാപികയും സമർത്ഥരായ കുട്ടികളും | PTA |
| പ്രതിഭാശാലികളായ കുട്ടികൾക്കായുള്ള Enrichment പ്രവർത്തനങ്ങൾ | സെമിനാറുകൾ, പസിലുകൾ, മോഡൽ നിർമ്മാണം | മാസത്തിൽ ഒരിക്കൽ | ഗണിത അധ്യാപിക | PTA |